# വൈഷ്ണവം

www.maniyasseri.org
E-mail : swamy.gandharva@gmail.com

തമസോമാ ജ്യോതിർഗമയ

കൊല്ലവർഷം 1187 മിഥുനം (ശകവർഷം 1934 ആഷാഡം) വാല്യം 4 ലക്കം 1 ക്രിസ്തുവർഷം 2012 ജൂലൈ


ഓം

## മുഖക്കുറിപ്പ്

നമ്മുടെ കുടുംബത്തിൽ ഈവർഷം ഒരു പിതൃബലി കർമ്മം നടക്കാൻ പോകുകയാണ്. ഈ ലോകത്തിൽ ജീവിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മെ പ്പോലെയുള്ള സാധാരണ ലൗകികർക്ക് കർമ്മങ്ങൾ ചെയ്യാതെ പറ്റില്ല. വീണ്ടും വീണ്ടും ജനന-മരണ ചക്രത്തിൽ കുടുക്കി ജീവന്മാരെ വലയ്ക്കുന്നതും കർമ്മബന്ധങ്ങളാണെന്ന് ആചാര്യന്മാർ ഉറപ്പിച്ചു പറയുന്നു. എന്നാൽ കർമ്മങ്ങളെ ആത്മീയമായി അനുഷ്ഠിച്ച് കർത്തൃത്വം, ഭോഗ്ത്തൃത്വം, ഫലകാംക്ഷ എന്നീ കാര്യങ്ങൾ ഇല്ലാതാക്കി സംസാരബന്ധങ്ങളിൽ നിന്നും രക്ഷപ്പെടാം. വിവേകപൂർവ്വമായ ഭക്തികൊണ്ട് ഒരു സമർപ്പണ ഭാവത്തോടെ കർമ്മങ്ങൾ അനുഷ്ഠിക്കുക.

ശ്രീമദ് ഭഗവദ്ഗീത അനുശാസിക്കുന്നു (18–46)

"യതഃപ്രവൃത്തിർ ഭൂതാനാം യേന സർവമിദം തതം
സ്വകർമ്മണാ തമഭ്യർച്ച്യ സിദ്ധിം വിന്ദതിമാനവഃ"

എവിടെ നിന്നാണോ സർവ്വചരാചരങ്ങളും ഉത്ഭവിച്ചിരിക്കുന്നത്, ഏതൊരു മഹാശക്തിയാണോ ഈകാണുന്ന എല്ലാറ്റിലും വ്യാപരിച്ചിരിക്കുന്നത്, ആ സർവ്വേശ്വരനെ സ്വകർമ്മങ്ങൾകൊണ്ട് അർച്ചന ചെയ്താൽ മനുഷ്യൻ സിദ്ധിയെ പ്രാപിക്കുന്നു. അപ്പോൾ നമ്മുടെ കർമ്മങ്ങൾ പരിശുദ്ധമാക്കി നമ്മുടെ ഇഷ്ടദേവനായ ഗന്ധർവ്വസ്വാമിയ്ക്ക് സമർപ്പിക്കുക. ഭഗവാനാണ് എല്ലാറ്റിന്റേയും യജമാനൻ. ഒരു നിയതക്രമത്തിനനുസരിച്ച് അവിടുത്തെ സങ്കല്പത്താൽ കർമ്മങ്ങൾ ചെയ്യുന്നു എന്ന തോന്നലാണ് നമുക്ക് ഓരോരുത്തർക്കും വേണ്ടത്. ഈ സങ്കല്പത്തിൽ കർമ്മങ്ങൾ അനുഷ്ഠിക്കുമ്പോൾ അവ സ്വാർത്ഥബോധമില്ലാത്തതുകൊണ്ട് അതീവ ശുദ്ധിയുള്ളവയാകും.

ശ്രീമദ് ഭഗവദ്ഗീതയിലെ ഒരു ശ്ലോകം കൂടി ഉദ്ധരിയ്ക്കട്ടെ. (9–27)

"യത്കരോഷി യദശ്നാസി യജ്ജുഹോഷി ദദാസി യത്
യത്തപസ്യസി കൗന്തേയ തത്കുരുഷ്വ മദർപ്പണം"

ഹേ കൗന്തേയ, നീ യാതൊന്ന് ചെയ്യുന്നുവോ, യാതൊന്ന് ഭക്ഷിയ്ക്കുന്നുവോ, യാതൊന്ന് ഹോമിയ്ക്കുന്നുവോ, യാതൊന്ന് ദാനം ചെയ്യുന്നുവോ, അതെല്ലാം എനിയ്ക്കായി സമർപ്പിക്കൂ....

പരിമിതരായ നമ്മൾ പരിമിതങ്ങളായ ചുറ്റുപാടിൽ പരിമിതമായ കർമ്മങ്ങൾ ചെയ്യുന്നു. എല്ലാവരുടേയും നല്ല കർമ്മങ്ങൾ ഒത്തുചേരുമ്പോൾ സൃഷ്ടിസ്ഥിതികളിൽ നിന്നും സമഷ്ടി പരിശുദ്ധമാകും. അതൊരു മഹായജ്ഞമാകും.

നമ്മുടെ തറവാടിന്റെയും നമ്മുടെയും സുകൃതം കൊണ്ട് നമ്മെ നോക്കി രക്ഷിച്ച്, പരിപാലിച്ച്, സംരക്ഷിക്കുന്ന നമ്മുടെ എല്ലാമായ ഗന്ധർവ്വസ്വാമിയും നമ്മുടെ ക്ഷേത്രത്തിലെ ഉപദേവതകളും നമ്മുടെ കൂടെയുണ്ടല്ലോ. നമ്മുടെ ചിന്തകളും, വാക്കുകളും, കർമ്മങ്ങളും പരിശുദ്ധമാക്കി അവരുടെ പാദങ്ങളിൽ ഭക്തിപൂർവ്വം സമർപ്പിച്ച് അവരുടെ ഇച്ഛയ്ക്ക് വഴങ്ങി ജീവിതം സഫലമാക്കാൻ നമുക്ക് പരിശ്രമിക്കാം. അതിനുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് ഈ ലക്കം പരദേവതകളുടെ തൃപ്പാദത്തിൽ സമർപ്പിക്കുന്നു.

**ആർ. സോമശേഖർ**
പ്രസിഡന്റ്, മണിയശ്ശേരി ദേവസ്വം

## അറിവും ഭക്തിയും

ഇന്ന് പലരും പുരാണങ്ങളും ഇതിഹാസങ്ങളും ഉപനിഷത്തുക്കളും പഠിക്കാൻ ഓടി നടക്കുകയാണ്. ഈ പഠനം ഒരു സ്റ്റാറ്റസ് സിംബലായി കൊണ്ടുനടക്കാനാണ് പലർക്കും താല്പര്യം. ഇവയിൽ നിന്ന് കിട്ടുന്ന അറിവിനെ ജീവിതത്തിൽ പകർത്തി ജീവിതം മൂല്യമുള്ളതാക്കി തീർക്കാൻ പലർക്കും കഴിയുന്നുമില്ല. ഇവ പഠിച്ചാൽ ശരിയായ ആത്മീയബോധമുണ്ടാകുകയും ഭക്തി വർദ്ധിക്കുകയും ചെയ്യും. സ്നേഹത്തോടെയും സൗഹൃദത്തോടെയും മറ്റുള്ളവരെ കാണാനും അവരെ സഹായിക്കാനും ഉള്ള മനഃസ്ഥിതി ഈ ഭക്തിയിൽ നിന്ന് ജനിക്കുകയും ചെയ്യും. അഹങ്കാരം മാറ്റിനിർത്തിയുള്ള വിശ്വാസമാണ് ഭക്തി. മുൻപ് പറഞ്ഞ ഗ്രന്ഥങ്ങളുടെ പഠനം ഈ അഹങ്കാരത്തെ മാറ്റാൻ സഹായിക്കുന്നതാണ്. എന്നാൽ ഞങ്ങൾക്കിതറിയാം എന്ന പുതിയ അഹങ്കാരത്തിന്റെ ഭാരം പലരിലും വരുന്നതായാണ് ഇന്ന് കാണുന്നത്.

വിദൂര പഠനത്തിലൂടെ (Distance Education) നീന്തൽ പഠിച്ചവരെയാണ് ഇക്കൂട്ടർ ഓർമ്മിപ്പിക്കുന്നത്. നീന്തുമ്പോൾ എങ്ങനെ ശ്വാസം പിടിക്കണം കൈയും കാലും എങ്ങനെ അടിക്കണം എന്നെല്ലാം നന്നായി പഠിച്ചു- സർട്ടിഫിക്കറ്റും കിട്ടി. എന്നാൽ വെള്ളത്തിൽ നീന്താനറയില്ല. ഇക്കൂട്ടർ വെള്ളത്തിൽ വീണാൽ സർട്ടിഫിക്കറ്റ് സഹായിക്കില്ലല്ലോ. പലരുടേയും പുരാണ പഠനം ഈ വിദൂര പഠനത്തെയാണ് ഓർമ്മപ്പെടുത്തുന്നത്. എല്ലാം അറിയാം എന്നാൽ ജീവിതത്തിൽ പകർത്താനറിയില്ല. നീന്തൽ പഠനം വെള്ളത്തിൽ നീന്തിത്തന്നെ പഠിക്കണം എന്നതുപോലെ പുരാണ പഠനം ജീവിതത്തിൽ പകർത്തിത്തന്നെ പഠിക്കണം. അങ്ങനെയെങ്കിൽ വിശ്വാസം ഉറയ്ക്കും. സംശയം ശിഥിലമാകും. നമുക്ക് വിശ്വാസത്തോടെ വെള്ളത്തിൽ നീന്തുന്നവരാകാം.

**സീ.ആർ.**

## "പിതൃഫണിദേവ"

പിതൃക്കൾ, സർപ്പങ്ങൾ, ദേവതകൾ എന്നതാണ് വന്ദന ക്രമം എന്ന ആചാര്യന്മാരുടെ വാക്കുകളിൽ നിന്നുതന്നെ പിതൃക്കളുടെ മഹത്വം മനസ്സിലാക്കാവുന്നതാണ്. പിതൃബലിക്ക് മുന്നോടിയായി മെയ് 11-ന് നടന്ന ദേവപ്രശ്നത്തിൽ കുടുംബാംഗങ്ങൾക്കെല്ലാം പങ്കെടുക്കാൻ കഴിഞ്ഞിട്ടില്ലല്ലോ. അന്ന് ദേവജ്ഞർ പറഞ്ഞ കാര്യങ്ങൾ എല്ലാവരും അറിയുന്നതിനു വേണ്ടിയാണ് ഈ കുറിപ്പ്. സ്ഥലപരിമിതിമൂലം പ്രധാന കാര്യങ്ങൾ മാത്രമേ ഉൾപ്പെടുത്തുന്നുള്ളൂ.

വളരെ ദൈവാധീനമുള്ള രാശിയാണ് തെളിഞ്ഞതെങ്കിലും ചില പോരായ്മകളും കാണുന്നുണ്ട് എന്ന് ദൈവജ്ഞർ പറഞ്ഞു. ഇതുപോലുള്ള പരദേവതകൾ തറവാടിന്റെ ഭാഗ്യമാണ്. സ്വാമിയുടേയും അമ്മമാരുടേയും ശക്തി വൈഭവം പ്രത്യേകം പറഞ്ഞു. സ്വാമിക്കും അമ്മമാർക്കും ഇന്ന് നടത്തുന്ന വൈഷ്ണ രീതിയിലുള്ള പൂജാക്രമത്തിൽ അവർ തൃപ്തരാണ്. സ്വാമിക്കും അമ്മമാർക്കും തുല്യപ്രാധാന്യം നല്കിയുള്ള നേദ്യങ്ങളും പൂജകളുമാണ് അവരുടെ ആഗ്രഹം. യക്ഷി അമ്മമാരാണ് നമുക്ക് സമ്പത്ത് തരാൻ പ്രാപ്തർ. ഉണ്ണികളിൽ നിന്നും സ്വാമി പ്രതീക്ഷിക്കുന്ന കാര്യങ്ങളും പറഞ്ഞു.

മണിയശ്ശേരി തറവാട്ടിലെ കുട്ടികളെന്ന് അഭിമാനപൂർവ്വം എല്ലാവരും പറയുന്ന സ്ഥിതി ഉണ്ടാകണം. മാതാപിതാക്കളെ അനുസരിക്കുക, സ്നേഹിക്കുക, സൽസ്വഭാവം കൈമുതലാക്കുക, ദൈവ വിചാരത്തിൽ തെല്ലും അലംഭാവം കാട്ടാതിരിക്കുക എന്നീ ഗുണങ്ങളാണ് സ്വാമി ഉണ്ണികളിൽ നിന്നും പ്രതീക്ഷിക്കുന്നത്. അതിനുള്ള മാർഗ്ഗവും സ്വാമി പറഞ്ഞു. ചെറു പ്രായത്തിൽ തന്നെ ഉണ്ണികളെ തറവാട്ടിൽ കൊണ്ടുവരിക, പരദേവതകളുടെ മാഹാത്മ്യം പറഞ്ഞുകൊടുക്കുക, വാർഷിക പൂജകളിൽ സകുടുംബം പങ്കെടുക്കുക, വർഷത്തിൽ ഒന്നുരണ്ട് പ്രാവ

To

മണിയശ്ശേരി ദേവസ്വം ട്രസ്റ്റ് വാർത്താപത്രിക
*(For Private Circulation Only)*

മണിയശ്ശേരി ദേവസ്വം ട്രസ്റ്റ്
മറവൻതുരുത്ത് പി.ഒ., വൈക്കം

------------------------------------------------
------------------------------------------------
------------------------------------------------
-------------------------Pin-------------------

**BOOK-POST**

## വിശേഷാൽ പൂജകൾ

- **ജൂലൈ 15, ഞായറാഴ്ച രോഹിണി നാളിൽ** പ്രശ്നവിധി പ്രകാരമുള്ള പരിഹാരക്രിയകളുടെ പ്രാരംഭ നടപടിയായി **അഷ്ടദ്രവ്യ ഗണപതിഹോമം, മൃത്യുഞ്ജയഹോമം, ഭഗവതിസേവ** എന്നീ പൂജകൾ നടത്തുന്നതാണ്
- ജൂലൈ 16, തിങ്കളാഴ്ച കർക്കിടകം മാസം 1-ാം തീയതി മുതൽ രാമായണ മാസ പൂജകൾ എല്ലാ നാളുകളിലും നടത്തുന്നതാണ്. ഒരുദിവസത്തെ പ്രത്യേക പൂജയ്ക്ക് 200 രൂപയാണ്.

## പ്രസാദമൂട്ട് വഴിപാട് നടത്തിയവർ (4,500 രൂപ)

*മേടം :* പത്മ പണിക്കർ *ഇടവം :* ശാരദ ദാസ് *മിഥുനം :* ഡോ. വസുകുമാരി

## PITHRU BALI LIST

| Name | Date |
|---|---|
| Rajan Potti | |
| Adv. N.Gopala Krishnan Nair | |
| Hari S/o Subhadra Amma | |
| Bharathi Amma, Kayamkulam | |
| Madhava Panicker | |
| Balakrishna Pillai, chembu | 24.11.2001 |
| K.S. Sukumaran Nair, Kuzhikadathu | 25.11.2001 |
| K.G. Rama Panicker | 21.01.2002 |
| K. G. Nishkalangan Nair | 24.02.2002 |
| B. Subhadra Amma | 06.02.2004 |
| G. Karunakaran Nair | |
| Shyam, C/o Mohanlal | |
| R. Venugopal | 26.06.2005 |
| Lakshmi Kutty Amma, Pullamadom | |
| Ravi Varman Thampi, C/o Raveendrakumar | |
| Divakaran Nair, Thottakam, B/o Radhakrishnan Nair | |

| Name | Date |
|---|---|
| R. Somasekharan Nair | |
| Rajamma Amma, Vanchiyoor | 11.07.2006 |
| V.K.R Menon | |
| Krishna Kumar, Vanchiyoor | |
| Bhaskara Pillai C/o Vijayamohanan Nair | |
| Visalakshi Amma C/o Vijayamohanan Nair | |
| Velayudhan Nair, Kuzhikkadathu | |
| Nithya, Chettikulangara | 11.05.2008 |
| Gopalan Nair, Vanchiyoor | 20.07.2008 |
| Dr. N. Krishna Pillai | 00.03.2008 |
| Girija Devi, Chennai | 12.08.2008 |
| C. Gopakumar, Vanchiyoor | 18.08.2008 |
| Reghunath | 01.08.2008 |
| P.R. Saraswathy Devi, C/o Anil Nayar | 12.09.2008 |
| Bhaskaran Nair, Kottayam | 12.12.2008 |

| Name | Date |
|---|---|
| Usha Devi, Thottakam | 17.02.2009 |
| Nalini Devi, Vaikom | |
| Vasukuttan Nair, Vaikom | |
| Ramachandran Thampi | |
| Santha Menon C/o Latha Venugopal | |
| Dr. Velayudhan Pillai, Ekm | |
| R. Sasi Kumar | 09.07.2010 |
| Radhamony Amma, Kannammola | 10.07.2010 |
| Indira Devi, Vanchiyoor | 11.09.2010 |
| Sukumaran Nair, Maravanthuruthu | |
| P.K. Janaki Amma, C/o D.K. Paniker | 12.11.2010 |
| Radhakrishna Pillai, Kayamkulam | 24.05.2011 |
| M. Suseela, Kiliroor | |
| Sasikumar, S/o Dr. M.S. Nair | |
| Nagarajan, S/o Dr. M.S. Nair | |
| S. Padmakumar, Chettikulangara | 27.7.2000 |

## ചരമം

തിരുവനന്തപുരം ചെട്ടിക്കുളങ്ങര തോപ്പിൽ വീട്ടിൽ ഗീതാറാണിയുടെ ഭർത്താവ് ശ്രീ. അനിൽകുമാർ ഡി.എസ്. 12-06-2012 ചൊവ്വാഴ്ച അന്തരിച്ച വിവരം വ്യസനസമേതം അറിയിക്കുന്നു. പരേതന്റെ ആത്മാവിന് മോക്ഷപ്രാപ്തി ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ശ്യം തറവാട് ക്ഷേത്രദർശനം നടത്തുക, വിശേഷാൽ പൂജകളിൽ പങ്കുകൊള്ളുക എന്നീ കാര്യങ്ങളിൽ മാതാപിതാക്കൾ സവിശേഷ ശ്രദ്ധ പുലർത്തണം. പരദേവതകളെ ആശ്രയിച്ച് ജീവിച്ചാൽ അവരെ പരദേവതകൾ സംരക്ഷിക്കും എന്ന ഉറച്ച വിശ്വാസം കുട്ടികളിൽ വളർത്താനാണ് മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടത്.

ആധുനിക കാലത്തിന്റെ മാറ്റത്തിനനുസരിച്ച് പൂജകളിലും ശ്രദ്ധയും ശുദ്ധിയും കുറഞ്ഞുപോകുന്നു. നിവേദ്യം, പുഷ്പങ്ങൾ തുടങ്ങി പലതിലും വരുന്ന അശുദ്ധി ശ്രീലകത്തെ ചൈതന്യത്തെ ബാധിക്കുന്നുണ്ട്. അത് പരിഹരിക്കാൻ കാലാകാലങ്ങളിൽ വിശിഷ്ട പൂജാവിധികളാൽ പ്രതിവിധി ചെയ്യേണ്ടതാണെന്നും പ്രശ്നത്തിൽ തെളിഞ്ഞു.

മറ്റൊരു പ്രധാന അറിവ് സ്വാമിക്ക് “ഗന്ധർവ്വപൂജ” വളരെ പ്രധാനപ്പെട്ട ഒരു വഴിപാട് ആണ് എന്നതാണ്. നിറമാലയും, വിളക്കുകളോടും കൂടി വളരെ ആർഭാടമായിത്തന്നെ അത് നടത്തണം. ചിത്രവർണ്ണപ്പട്ട് സ്വാമിക്കും, അമ്മമാർക്കും, വളരെ പ്രിയപ്പെട്ടതാണ്. താമ്പൂല സമർപ്പണം പ്രധാന വഴിപാടുകളിൽ ഒന്നാണ്. പ്രത്യേക നൈവേദ്യങ്ങൾ വേണം. അത് എല്ലാ ഉപദേവതകൾക്കും നേദിക്കണം. പൂവുകളും, അലങ്കാരങ്ങളും വേണം. പ്രത്യേകിച്ച് മണമുള്ള വെള്ളപ്പൂവുകൾ. ഇങ്ങനെ ചെയ്യുന്ന “ഗന്ധർവ്വപൂജ”യിൽ സ്വാമിയും അമ്മമാരും വളരെ പ്രീതരാകും. വിവാഹതടസ്സം മാറുന്നതിനും അഭീഷ്ട കാര്യസിദ്ധിക്കും, സർവ്വൈശ്വര്യ സിദ്ധിക്കും, സമ്പൽസമൃദ്ധിക്കും, ഈ പൂജ വളരെ പ്രധാനപ്പെട്ട ഒന്നാണ് എന്നും അവർ പറയുകയുണ്ടായി.

കഴിഞ്ഞ വർഷം 41 ചിറപ്പ് ആർഭാടപൂർവ്വം നടത്തിയതിൽ ശ്രീ ധർമ്മശാസ്താവ് പ്രീതനാണ് എന്നും, എല്ലാ വർഷവും മണ്ഡലകാലത്ത് ഇനിയും ആർഭാടപൂർവ്വം ഇത് നടത്തണമെന്നും അവർ പറഞ്ഞു. വളരെ അധികം ശക്തിയുള്ള ശാസ്താവാണ് ഇവിടെ കുടികൊള്ളുന്നത് എന്നും അവർ പറയുകയുണ്ടായി. പ്രശ്നത്തിന്റെ ആവശ്യവുമായി ചെന്നവർ മണിയശ്ശേരി ക്ഷേത്രത്തിൽ ഒരു ദേവപ്രശ്നം വേണമെന്നു പറഞ്ഞത് “ഭുവനേശ്വരി ക്ഷേത്ര”ത്തിൽ എന്നാണ് ദൈവജ്ഞൻ കേട്ടത് എന്നും, അതിൽ നിന്നും ഇവിടുത്തെ ദേവിമാരുടെ ശക്തിവൈഭവങ്ങൾ തെളിയുന്നു എന്നും അവർ അഭിപ്രായപ്പെട്ടു. ഇപ്പോൾ നടക്കുന്ന പൊങ്കാല സമർപ്പണത്തിൽ അവർ പ്രീതരാണെന്നും, വളരെ ശ്രദ്ധയോടും, ശുദ്ധിയോടും ഇത് നടത്തണമെന്നും അവർ പറഞ്ഞു. ഈ കുടുംബ കാരണവൻമാർ പണ്ട് മഹാരാജാവിന്റെ കാര്യക്കാരായിരുന്നു എന്നും ശ്രീ പത്മനാഭ ക്ഷേത്രവുമായും, അവിടുത്തെ ഹനുമാനുമായും, അഭേദ്യമായ ബന്ധമുണ്ടായിരുന്നതായും പ്രശ്നത്തിൽ തെളിയുന്നു എന്നും പൂർവ്വസ്മരണാർത്ഥം കൊല്ലംതോറും ഇവിടുത്തെ പൂജകൾക്കു മുൻപായി തിരുവനന്തപുരം പത്മനാഭസ്വാമി ക്ഷേത്രത്തിൽ ദർശനം നടത്തി ദേവനും ഹനുമാനും യഥോചിതം വഴിപാട് നടത്തി പുഷ്പാഞ്ജലീ സ്വാമിയാർക്ക് ഒരു വെച്ചു നമസ്കാരം നടത്തിപ്പോരുകയും വേണം.

കുടുംബ കാരണവരേയും, കാരണവത്യാരേയും വാർഷിക പൂജാസമയത്ത് പ്രത്യേകം ആരംഭിച്ചിരുത്തി അവരുടെ സാന്നിദ്ധ്യത്തിൽ വിശേഷങ്ങൾ നടത്തേണ്ടതാണ്. അതുപോലെ മുതിർന്ന കുടുംബാംഗങ്ങൾക്ക് വേണ്ട ആദരവും പരിഗണനയും നല്കാൻ എല്ലാ കുടുംബാംഗങ്ങളും പ്രത്യേകം ശ്രദ്ധിക്കണം. കാരണം, മുൻകാലത്ത് ഇവിടെ തന്ത്രിമാരായിരുന്നില്ല ആരാധനകൾ നടത്തിയിരുന്നതെന്നും കാരണവൻമാർ പാരമ്പര്യ സമ്പ്രദായത്തിലായി ആരാധിച്ചുവന്നിരുന്നതായും കാണുന്നു. പാരമ്പര്യസമ്പ്രദായത്തെ അനുസ്മരിക്കേണ്ടതുള്ളതുകൊണ്ടാണ് മേൽപ്പറഞ്ഞ രീതിയിൽ അനുവർത്തിക്കണമെന്ന് അവർ പറഞ്ഞത്. ഈ തറവാടിന്റെ അഭിവൃദ്ധിക്ക് കാരണഭൂതരായ മാതൃക്കളുടെ പ്രീതിക്കുവേണ്ടി ഇവിടുത്തെ വിശേഷാവസരത്തിൽ ഏഴ് സ്ത്രീകളെ ഇരുത്തി സപ്തമാതൃക്കളായി സങ്കല്പിച്ച്, പൂജിച്ച്, അവർക്കായി വസ്ത്ര, ദ്രവ്യാദികൾ സമർപ്പിച്ച് കുടുംബാംഗങ്ങൾ എല്ലാവരും അനുഗ്രഹം വാങ്ങണം എന്ന് പ്രശ്നവിധിയിൽ തെളിയുന്നതായി അവർ പറഞ്ഞു.

പ്രശ്നത്തിൽ തെളിഞ്ഞ അനിഷ്ടങ്ങൾക്ക് പ്രതിവിധികൾ പറഞ്ഞിട്ടുള്ളത് മുൻഗണനാക്രമത്തിൽ നടത്തുവാനാണ് ട്രസ്റ്റ് ഉദ്ദേശിക്കുന്നത്. അതിൽ വളരെ പ്രാധാന്യം അർഹിക്കുന്നതും ഉടനടി ചെയ്യേണ്ടതുമായ കാര്യം, ക്ഷേത്രത്തിൽ വച്ച് അഷ്ടദ്രവ്യ ഗണപതിഹോമം, മൃത്യുഞ്ജയഹോമം, ഭഗവതിസേവ എന്നിവയാണ്. ഈ ജൂലൈ 15–ാം തീയതി ഞായറാഴ്ച രോഹിണി നാളിൽ ഈ പൂജകൾക്ക് തുടക്കമായി മേൽപ്പറഞ്ഞ പൂജകൾ ചെയ്യാൻ ഉദ്ദേശിക്കുന്നു. എല്ലാ കുടുംബാംഗങ്ങളും അവശ്യം പങ്കെടുക്കേണ്ട ഈ പൂജകളിൽ എല്ലാവരും സകുടുംബം പങ്കെടുത്ത് ദോഷ പരിഹാരം നേടാൻ താല്പര്യപ്പെടുന്നു.

കുടുംബത്തിൽ മകയിരം, ചിത്തിര, അവിട്ടം നക്ഷത്രക്കാർ ഒരുവർഷത്തേയ്ക്ക് മാസംതോറും ജന്മനക്ഷത്രദിവസം ഈ ക്ഷേത്രത്തിൽ ഒരു പൂജ കഴിക്കണമെന്നും ഒരു മൃത്യുഞ്ജയഹോമം കഴിക്കണമെന്നും അവർ പറയുകയുണ്ടായി. ഇപ്രകാരമെല്ലാം ചെയ്തുകൊണ്ടാൽ ദേവചൈതന്യവൃദ്ധിയും ക്ഷേത്രാഭിവൃദ്ധിയും തദ്വാര കുടുംബാംഗങ്ങൾക്ക് ക്ഷേമവും വരുമോ എന്ന് കൂട്ടിക്കണ്ട ഒഴിവ് രാശി കർക്കിടകം വരുകയാൽ ശുഭം എന്ന് കണ്ടിരിക്കുന്നു.

സർപ്പദേവതകളുടേയും, മറ്റ് ഉപദേവൻമാരുടേയും പ്രാധാന്യവും, ശക്തിയും, അവർ എടുത്തുപറയുകയുണ്ടായി. ഇത്രയും വർഷത്തിനിടയ്ക്ക് ഇത്രയും വലിയ ഒരു കുടുംബക്ഷേത്രത്തിൽ അവർ പോയിട്ടില്ല എന്നും, ഇതിന്റെ മാഹാത്മ്യം ഇവിടുത്തെ പരദേവതകളുടെ ശക്തിവൈഭവങ്ങൾ തന്നെയാണെന്നും അവർ പറഞ്ഞത് അത്ഭുതത്തോടുകൂടിയായിരുന്നു. ചുരുക്കത്തിൽ

“ഈ തറവാട് നമ്മുടെ പുണ്യം
ഈ പുണ്യം നമുക്ക് സ്വന്തം”

**സെക്രട്ടറി**
*മണിയശ്ശേരി ദേവസ്വം ട്രസ്റ്റ്*

## അറിയിപ്പ്

മുൻ നിശ്ചയപ്രകാരം, പിതൃബലിയോടു ബന്ധപ്പെട്ട പ്രാരംഭ നടപടിയായ അഷ്ടമംഗല്യ ദേവപ്രശ്നം മെയ് 11–ന് ക്ഷേത്രാങ്കണത്തിൽ വച്ച് നടത്തുകയുണ്ടായി. പ്രശ്നത്തിലുയർന്ന പ്രധാന കാര്യങ്ങൾ ലേഖനത്തിൽ വന്നിട്ടുണ്ട്. പരിഹാര ക്രിയകളുടെ പ്രാരംഭനടപടിയായി അഷ്ടദ്രവ്യ ഗണപതിഹോമം, മൃത്യുഞ്ജയഹോമം, ഭഗവതിസേവ എന്നീ പൂജകൾ ജൂലൈ 15 രോഹിണി നാളിൽ നടത്താനാണ് തീരുമാനം. എല്ലാ കുടുംബാംഗങ്ങളും ഇതിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പിതൃശുദ്ധി വരുത്തുന്നവരുടെ ഒരു പട്ടിക ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ഉൾപ്പെടാത്തതും കുടുംബാംഗങ്ങളുടെ ഓർമ്മയിലുള്ളതുമായ പിതൃക്കളെ സംബന്ധിച്ച വിവരം ഭാരവാഹികളെ അറിയിക്കുമല്ലോ. കൂടാതെ കുടുംബാംഗങ്ങളുടെ ബന്ധുമിത്രാദികളുടെ പിതൃശുദ്ധി വരുത്തണം എന്ന് ആഗ്രഹിക്കുന്ന പിതൃക്കളുടെ വിവരവും അറിയിക്കാവുന്നതാണ്. പിതൃവിന്റെ പേര്, മരിച്ച നക്ഷത്രം, മരിച്ച വർഷം എന്നിവ സെക്രട്ടറിയെ മുൻകൂട്ടി അറിയിക്കുവാൻ താല്പര്യപ്പെടുന്നു.

### ഗന്ധർവ്വപൂജ (രൂപ 1500) വിവരങ്ങൾ

നെയ്വിളക്ക്, ഐശ്വര്യവിളക്ക്, പാല്പായസം, കടുംപായസം, വെള്ളനിവേദ്യം, സർപ്പങ്ങൾക്ക് മഞ്ഞൾ, പട്ട് സഹിതം താംബൂലം, തട്ട്, കരിക്ക്, പുഷ്പാലങ്കാരം എന്നിവയുൾപ്പെടുന്നതാണ് ഗന്ധർവ്വപൂജാ സാമഗ്രികൾ. താംബൂലം തട്ട്–പട്ട് സഹിതം നേരിട്ട് സമർപ്പിക്കണം എന്ന് ആഗ്രഹിക്കുന്ന വഴിപാടുകാർ രാവിലെ എട്ട് മണിക്ക് തന്നെ ക്ഷേത്രത്തിൽ എത്തിച്ചേരേണ്ടതാണ്. അധികം പുഷ്പാലങ്കാരം വേണമെന്നുള്ളവർ പുഷ്പം നേരിട്ട് എത്തിക്കുകയോ അതിനുള്ള തുക കമ്മിറ്റിക്കാരെയോ പൂജാരിയെയോ മുൻകൂട്ടി ഏല്പിക്കുകയോ ചെയ്യേണ്ടതാണ്. ഗന്ധർവ്വപൂജ നടത്തേണ്ടവർ ഒരാഴ്ച മുമ്പുതന്നെ അറിയിക്കേണ്ടതാണ്.

## MANIYASSERY DEVASWOM TRUST VARSHIKA POOJA ACCOUNTS - 2012

| Name | Member Fee | Donation |
|---|---|---|
| Sarada Das | LM | 1,000 |
| Indira Devi | LM | 1,000 |
| Dr B. Sarojini Amma & family | LM | 2,004 |
| Bindhu | LM | 600 |
| Parvathy | 600 | 400 |
| Shankara Pillai | LM | 501 |
| Girija Pillai | LM | 300 |
| B. Saradamma | LM | 300 |
| Raj Mohan Nair | 600 | |
| Lekshmi Kutty Amma | 600 | 400 |
| Padmavathy Amma, Rohini | 600 | |
| Ratheesh, Rohini | 600 | |
| Reshmi, Rohini | 600 | |
| Santha Kumari Amma | 600 | 400 |
| Siva Parasad | 600 | 400 |
| Geetha Rani | 600 | 400 |
| Gopinathan Nair | | 490 |
| J. Radha Krishnan Nair | LM | 1,001 |
| J. Neelakandan Nair | LM | 1,500 |
| Ramachandran Nair, Kovilakom | 600 | 401 |
| Anand Kumar | | 250 |
| R. Gopakumar, Omana Vilas | 601 | 101 |
| Jalaja Unnikrishnan | 1,200 | |
| Udaya Vijayakumar | 1,200 | |
| Ramakrishna Kurup | 600 | 300 |
| C.R. Prasad | 600 | |
| M.N.C. Menon, Jeevana | 600 | |
| Jayachandran, Jeevana | 600 | |
| Meenakshi Krishnakumar | | 101 |
| Malavika Krishnakumar | | 101 |
| Rajasekhar .N.R., Rohini | 600 | |
| Dr. P.P. Nayar, Dreams | 600 | 1,000 |
| Raveendra Kumar | LM | 501 |
| P. Krishnankutty Nair | | 500 |
| Narayanan Thampi | 600 | |
| Vijaya Mohanan Nair | LM | 1,337 |
| Usha Kiran | LM | 1,001 |
| Mohan Lal, Parijatham | | 1,001 |
| G.R. Gopakumar, 5D, Heera Aprtmnt | LM | 1,000 |
| T.R. Ramkumar, 3B, Heera Aprtmnt | 600 | 900 |
| Ranjith K.S. | LM | 2,000 |
| Dr Sandya Suresh | 600 | 401 |
| Ramachandran Nair | 600 | 400 |
| Geetha, Pullamodom | 600 | 400 |
| Dr. N.R. Madhava Menon | LM | 500 |
| Rema Menon | LM | 500 |
| Radha, Anjana | 600 | 400 |
| A.R. Baiju | | 250 |
| Lakshmi Sankar | | 500 |
| Radhamony Amma. Rajani | | 500 |
| R. Krishna Pillai, Pournami | 600 | 200 |
| R. Damodaran Pillai | 600 | |
| Usha Gopalakrishnan, Odasseril | 600 | 800 |
| Santha Gopalakrishnan, Odasseril | 600 | |
| A. Girija Devi | 600 | |
| T.K. Gopakumar | 500 | |
| Madhusoodanan Nair | LM | 501 |
| Jayasree.S | LM | 1,001 |
| Divya Satheesh | LM | 501 |
| K.C. Nair, Amams, Edapally | | 5,000 |
| V.R. Nair, 5C, ACE, Cheranalloor | 2,000 | |

| Name | Member Fee | Donation |
|---|---|---|
| Prasanna Kumari | 600 | 600 |
| R. Sivakumar | LM | 501 |
| Lathika | LM | 501 |
| K.P. Panicker | LM | 1,000 |
| Sangeetha Reji | LM | 1,501 |
| Indu Paniker | LM | 1,400 |
| D.K. Paniker | LM | 1,000 |
| Sindhu Paniker | LM | 1,000 |
| G. Balachandran | 600 | |
| Geetha Devi Thankachi, Geetham, | 600 | |
| Indira Devi | 600 | |
| Usha Ajith Kumar | 600 | 300 |
| Sasikumar | 600 | 100 |
| Krishna Kumar | 600 | 100 |
| Girish Kumar | 300 | |
| Govind Kumar | 600 | |
| Krishna Das | LM | 1,501 |
| Shivaji | | 1,111 |
| Hari Prasad | LM | 1,000 |
| Gopa Kumar | LM | 1,000 |
| Dr. Sreeparvathy | 500 | |
| Krishnakumar/Lavanya | LM | 1,002 |
| Vinod Nair | 501 | |
| Ramachndran Pillai | 501 | |
| M.K. Radhamadhavan | LM | 1,001 |
| Anuja Madhavan | LM | 1,001 |
| R. Venugopal | 600 | 400 |
| Rajasekharan Nair & family | LM | 1,350 |
| B. Santhakumari | LM | 1,005 |
| Lakshmi | 600 | 400 |
| B. Prasanna Kumari (Kumari) | 600 | |
| B. Manjula | | 2,500 |
| J. Bhaskaran Nair | LM | 2,000 |
| B. Jayamohan | LM | 1,000 |
| P. Kuttappan Nair | | 500 |
| M.K. Veeraraghavan | LM | 2,172 |
| Renuka Murali | 600 | 401 |
| Sathesh Kumar | | 1,000 |
| Dr.krishnan Nair | | 1,000 |
| Ambika Rajendra Sankar | | 2,000 |
| Arun Kumar | LM | 1,001 |
| Rekha Anil Nair | 600 | 400 |
| Anil Nair.g | LM | 1,000 |
| Devi Vijayakumar | LM | 1,000 |
| Sreekumari | LM | 1,000 |
| Saritha Prasad | | 1,800 |
| Sajeev, Udayanapuram | 600 | 400 |
| Prasanth.C.S | 600 | 400 |
| Renu.K.Nair | 500 | |
| T.R.Unnikrishnan | 600 | 400 |
| Sathi Devi | LM | 500 |
| Pooja,Ambalapuzha | 600 | 400 |
| Durga | 600 | 400 |
| Sivakumar, (Anian) | 600 | 400 |
| Somasekhar.r | LM | 1,001 |
| Anil Kumar.S | LM | 1,001 |
| Meena Rani | LM | 600 |
| Anu.K.Menon | 500 | |
| Mrs.K.D.Nair | | 1,000 |
| Vidya | LM | 1,200 |
| Mohanan.V.C | LM | 1,200 |

| Name | Member Fee | Donation |
|---|---|---|
| Vivek.C.Nair | LM | 1,200 |
| Sarada Das | LM | 101 |
| Raghukumar.j | LM | 922.50 |
| Latha Sasi & Family | | 2,000 |
| Dr.Rema Devi | LM | 1,000 |
| Kochaniyan | 100 | |
| Dr.S.Madhavan Nair | LM | 3,000 |
| Hariprasad.S | 600 | 400 |
| Sukumari Amma.B | LM | 1,472 |
| Hema Venugopal | LM | 501 |
| C.k.gopinathan Nair | LM | 501 |
| Sunil Nair.G | 600 | |
| Prsanna Gopinath | 600 | |
| Sujith Nair.G | LM | 501 |
| Anil K Nayar | LM | 1,000 |
| Sreekumari | LM | 1,000 |
| Pongala/Thalam/Kumbakudam | | 10275 |
| Stall Income | | 1,600 |
| Calender | | 2,550 |
| Kanikka - Varavu | | 5,850 |
| Para | | 5,842 |
| | 34,201 | 122,812 |
| **GRAND TOTAL** | | **157,013** |

## EXPENDITURE STATEMENT OF VARSHIKAPOOJA 2012

| | | | |
|---|---|---|---|
| Total Collection | | | 157,013.00 |
| Bank Interest | | | 17,500.00 |
| Sarppakalangal | | | 30,250.00 |
| | | | **204,763.00** |
| Less: Expenses | | | |
| Dakshina : - | | | |
| Shanmugan | 29,000.00 | | |
| Boss | 4,750.00 | | |
| Sarpabeli | 6,501.00 | | |
| Pooja, Kalasam | 10,251.00 | | |
| Appukuttan | 7,500.00 | | |
| Abilash | 6,500.00 | | |
| Others | 989.00 | 65,491.00 | |
| Pooja Items | | 56,612.50 | |
| Pandal | | 20,000.00 | |
| Light & Sound | | 18,000.00 | |
| Allowances | | 11,350.00 | |
| Printing & Stationary, Postage, Vazhipadu Etc | | 4,725.00 | |
| Cleaning Charge | | 5,900.00 | |
| Kalabham | | 5,000.00 | |
| Melam - Kurup | | 4,800.00 | |
| Flower | | 3,000.00 | |
| Travelling | | 1,000.00 | |
| Annadanam - Food Fund | | 1,000.00 | **196,878.50** |
| Net Cash | | | **7,884.50** |

## അഭിനന്ദനം

1) പിതൃബലിയ്ക്കാവശ്യമായി വരുന്ന **5 ലക്ഷം രൂപ ഡോ.എൻ.ആർ. മാധവമേനോൻ** സന്തോഷത്തോടെയും ഭക്തിയോടെയും സംഭാവനയായി നല്കി. കുടുംബാംഗങ്ങളുടെയെല്ലാം ഐശ്വര്യത്തെ മുൻനിർത്തിയുള്ള അദ്ദേഹത്തിന്റെ മഹാമനസ്കതയ്ക്ക് അഭിനന്ദനം അർപ്പിക്കുന്നതോടൊപ്പം അദ്ദേഹത്തിന് സ്വാമിയുടെയും പരദേവതകളുടെയും അനുഗ്രഹം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

2) വഞ്ചിയൂർ ജയശ്രീയിൽ നമ്മുടെ കുടുംബാംഗങ്ങളായ ശ്രീ. കൃഷ്ണകുമാറിന്റെയും (പരേതൻ) ജയശ്രീയുടെയും മകൾ കുമാരി **മീനാക്ഷി കൃഷ്ണകുമാർ** ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ കുന്നുംപുറം ചിന്മയ സ്കൂളിൽ രണ്ടാം സ്ഥാനത്തോടെ വിജയിച്ചു. മീനാക്ഷി കൃഷ്ണകുമാറിന് അഭിനന്ദനങ്ങൾ.